# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്
(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

**സംഗ്രഹം**

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- പുതിയവഴിപാടുകൾ ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 7/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിൽ ഭക്തജനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ശബരിമല ദേവസ്വത്തിൽ പുതിയ വഴിപാടുകൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

**ഉത്തരവ്**

1. ആടിയശിഷ്ടം നെയ്യ് എന്നത് "അഭിഷേക നെയ്യ് പ്രസാദം" എന്നാക്കി മാറ്റുന്നതിനും ആയത് 100, 200, 500 എം. എൽ പാക്കറ്റുകളിലാക്കി വിതരണം നടത്തുന്നതിനും തീരുമാനിച്ചു.
2. അഷ്ടാഭിഷേക റേറ്റ് അയ്യായിരം രൂപയാക്കി വർദ്ധിപ്പിച്ച് അഞ്ച് പേർക്ക് ദർശനം അനുവദിക്കുന്നതിനും, പുഷ്പാഭിഷേക റേറ്റ് ഏലക്കായ് മാല, കീരീടം ഉൾപ്പെടെ പന്ത്രണ്ടായിരം രൂപയാക്കി എട്ട് പേർക്ക് ദർശനം അനുവദിക്കുന്നതിനും ഉഷപൂജ ടിക്കറ്റ് ആയിരം രൂപയാക്കുന്നതിനും തീരുമാനിച്ചു.
3. അപ്പം എട്ടെണ്ണം ഉൾപ്പെടുന്ന പായ്ക്കറ്റ് നാൽപത് രൂപ ക്രമവും അരവണ 250 എം എല്ലിന് എഴുപത് രൂപ ക്രമവും റേറ്റ് വർദ്ധനവ് വരുത്തി ഉത്തരവാകുന്നു. അരവണ നിലവിൽ പത്ത് എണ്ണം ഉൾപ്പെടുന്ന ബോക്സിന് പുറമേ ഇരുപത് എണ്ണം ഉൾപ്പെടുന്ന ബോക്സുകൾ കൂടി വിതരണം നടത്തുന്നതിനും ഇതിലേക്ക് മതിയായ വലിപ്പത്തിലുള്ള കാർട്ടൺ ബോക്സുകൾ സപ്ലൈ ചെയ്യിക്കുന്നതിനും ബൾക്ക് സപ്ലൈയ്ക്കുള്ള കാർട്ടൺ ബോക്സുകൾ ശ്രീധർമ്മശാസ്താവിന്റെ ചിത്രം ആലേഖനം ചെയ്ത് മൾട്ടികളർ പ്രിന്റിംഗ് ഉള്ളതായിരിക്കണമെന്നും തീരുമാനിച്ചു
4. സ്പെഷ്യൽ പുഷ്പാഞ്ജലി, നവഗ്രഹ നെയ്യ് വിളക്ക്, ചാർത്തിയ ഉടയാട (സെയിൽ), പലനിറത്തിലുള്ള ചരടുകൾ, എള്ളുപറ, മഞ്ഞപ്പറ തുടങ്ങിയ പുതിയ വഴിപാടുകൾ ഉൽപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഇവയ്ക്ക് പുറമേ പുതുതായി ഉൾപ്പെടുത്താവുന്ന വഴിപാടുകളുടേതുൾപ്പെടെ വിശദമായ പ്രപ്പോസൽ അടിയിന്തിരമായി സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും, എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി .

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. ഇ.ഡി.പി (വെബ് സൈറ്റ്)
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Asst. Secy.
'Sab. Cell'